**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2841** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖല പുനസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് സംസ്ഥാനത്തിന്റെ സഹകരണ മേഖല പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നിലവിൽ ഉണ്ട്.<br><br>ത്രിതല സംവിധാനത്തിൽ ഉണ്ടായിരുന്ന ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിൽ കൊണ്ടുവന്നു. അത് വഴി രാജ്യത്തെ ഏറ്റവും വലിയ ഷെഡ്യൂൾഡ് സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്കായി മാറുകയും കാർഷിക വ്യവസായ മേഖലകളുടെ വളർച്ചയ്ക്കായി വിവിധ തരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും വരുന്നു.<br><br>യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക, ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ യുവജനങ്ങൾക്കായി സഹകരണ സംഘങ്ങൾ ആരംഭിച്ചു. |

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനം എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശത്തോടെ കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിച്ചു.

കേരളത്തിന്റെ ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി സഹകരണ സംഘം രൂപീകരിച്ചു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി, സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിച്ചു.

**<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ</u>**

സഹകരണ സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കരാർ നടപടികൾ അന്തിമഘട്ടത്തിലാണ്. കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലൂടെ RTGS, NEFT, ATM തുടങ്ങിയ സേവനങ്ങൾ പ്രാഥമിക ബാങ്കിന്റെ ഇടപാടുകാർക്കും അംഗങ്ങൾക്കും നൽകുന്നതിനും, ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും സഹായകമാകുകയും, യുവജനങ്ങളെ ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളെയും സഹകരണ ബാങ്കിംഗ് രംഗത്തേക്ക് ആകർഷിക്കുന്നതിനും കഴിയുന്നതാണ്.

**<u>Co-operative Audit Monitoring & Information System (CAMIS)</u>**

സഹകരണസംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit Monitoring & Information Systemഎന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും

അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി ആരംഭിച്ചു. തുടർന്ന് കോട്ടയം ജില്ലയിലും നടപ്പിലാക്കി. മറ്റ് ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു.

സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് നൽകിവരുന്നു. സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കോപ്കേരള (coopkerala) ബ്രാന്റോടുകൂടി ആമസോൺ ഓണലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഗുണനിലവാരമുള്ള സഹകരണ ഉൽപ്പന്നങ്ങൾ അന്തർദേശീയ വിപണിയിലേക്കും എത്തിയിട്ടുണ്ട്. കൂടുതൽ കോപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

<u>**കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി**</u>

വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, നല്ല നിർദ്ദേശങ്ങളുടേയും പദ്ധതികളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപപദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ

| | | | |
|---|---|---|---|
| | | | പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത് |
| (ബി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണന്ന് അറിയിക്കുമോ; | (ബി) | സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികമേഖലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കാർഷിക ഉൽപന്നങ്ങളുടെ ഉൽപ്പാദനം, സംയോജനം, സംഭരണം, മൂല്യവർദ്ധന, വിപണനം എന്നിവ ലക്ഷ്യം വയ്ക്കുന്ന **"സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)"** 2022-23 മുതൽ നടപ്പിലാക്കി വരുന്നു. ഉൽപ്പാദനത്തിലും, സംഭരണത്തിലും, വിപണനത്തിലുമുള്ള ഇടപെടലിനൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിക്കുക എന്നതാണ് ആത്യന്തികമായി ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. 2022-23 മുതൽ 20 ഗുണഭോക്താക്കൾക്കായി, ആകെ 751 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിക്കുകയുണ്ടായി.<br><br>ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് **"സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായം"** പദ്ധതി. പ്രത്യേകിച്ച് സഹകരണ ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ മുൻഗണന നൽകും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹകരണ ഉൽപന്നങ്ങളുടെ വിപണനം ഏറ്റെടുക്കുന്നതിനും, പുതിയ ഔട്ട് ലെറ്റുകളുടെ നവീകരണത്തിനും സഹായം നൽകും. കൂടാതെ സഹകരണ ഉൽപന്നങ്ങളുടെ കയറ്റുമതി പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സഹായം നൽകും.<br><br>സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രയോജനപ്പെടുത്തി സഹകരണ സംഘങ്ങളെ കൊണ്ട് കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു. പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും |

വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സഹായമാകുന്നു. വിളവെടുപ്പിന് ശേഷംമുള്ള നഷ്ടം പരമാവധി കുറക്കാൻ ഈ പദ്ധതി സഹായമാകുന്നു.

യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ യുവജനങ്ങൾക്കായി സഹകരണ സംഘങ്ങൾ ആരംഭിച്ചു.

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശത്തോടെ കലാകാരൻമാരുടെ സഹകരണ സംഘം രൂപീകരിച്ചു.

കേരളത്തിന്റെ ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി സഹകരണ സംഘം രൂപീകരിച്ചു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിച്ചു.

സർക്കാരിന്റെ മൂന്നാംഘട്ട നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി 'കായികം സഹകരണം സ്പോർട്സ് മേഖലയിൽ സഹകരണ സംഘം' എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ പ്രവർത്തന പരിധിയായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ്, സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512 തിരുവനന്തപുരം ആസ്ഥാനമാക്കി 24.11.2022 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ഹോസ്പിറ്റൽ സഹകരണസംഘങ്ങളും ഹോസ്പിറ്റൽഫെഡും**

കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ച് കൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന

സാഹചര്യത്തിലാണ് ജനപങ്കാളിത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ.

ഇന്ത്യയിൽ ഏറ്റവും അധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന നാടാണ് കേരളം. വയനാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകളിലും പ്രവർത്തന സാന്നിധ്യമുള്ള സഹകരണ ആശുപത്രിസംഘങ്ങൾ ആരോഗ്യ മേഖലയ്ക്കും സഹകരണ മേഖലയ്ക്കും അഭിമാനകരമായി നിലകൊള്ളുന്നു. ചെറുതും വലുതുമായ 100 ൽ ആധികം സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകി വരുന്നു. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപ്പെടൽ ഉണ്ടായിട്ടുണ്ട്.

സഹകരണ ആശുപത്രികളുടെ സംസ്ഥാനത്തെ അപ്പക്സ് സ്ഥാപനമായ കേരള സംസ്ഥാന ആശുപത്രി ഫെഡറേഷൻ സംഘങ്ങളുടെ നേതൃതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. നൂറിലധികം ആശുപത്രി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ 75 എണ്ണമേ നിലവിൽ സജീവമായി പ്രവർത്തിക്കുന്നുള്ളൂ. ആയതിൽ ഏകദേശം 12 എണ്ണം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും 1 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുമാണ്.

സംസ്ഥാനമാകെ അധികാര പരിധിയോടു കൂടി ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട് അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ ,സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ആധുനിക രീതിയിലുള്ള റൈസ് മില്ല് സ്ഥാപിക്കുന്നതിന് കിടങ്ങൂർ വില്ലേജിൽ കടപ്പൂർ എന്ന സ്ഥലത്ത് KAPCOS ന്റെ പ്രവർത്തനത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി 7 ജില്ലകളിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ ഫുട്ബോൾ / ക്രിക്കറ്റ് / ബാഡ്മിന്റൺ ടർഫുകൾ നിർമ്മിച്ചു

സഹകരണസംഘങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിൽക്കുന്നതിനും, അവരുടെ ബിസിനസ് പ്രൊമോട്ടുചെയ്യുന്നതിനും വേദിയൊരുക്കുന്ന സഹകരണ എക്സ്പോ 2022, 2023 വർഷങ്ങളിൽ എറണാകുളം ജില്ലയിൽ മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ചു.

സഹകരണ മേഖലയിലെ ലൈബ്രറികളെ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി 'സഹകരണസംസ്കൃതി' എന്ന സാംസ്കാരികോത്സവം അന്താരാഷ്ട്ര സഹകരണ ദിനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തും മറ്റ് ജില്ലകളിലും സംഘടിപ്പിച്ചു.

സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് നൽകിവരുന്നു. കോപ്കേരള (coopkerala) ബ്രാന്റോടുകൂടി ആമസോൺ ഓണലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഗുണനിലവാരമുള്ള സഹകരണ ഉൽപ്പന്നങ്ങൾ അന്തർദേശീയ വിപണിയിലേക്കും എത്തിയിട്ടുണ്ട്. കൂടുതൽ കോപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

**നിക്ഷേപ ഗ്യാരന്റി ഫണ്ട്**

ടി പദ്ധതി പ്രകാരം ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നു.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തിയാൽ ടി സംഘത്തിന്റെ നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി തുക ലഭ്യമാക്കുന്നതിനായി സംഘത്തിന്റെ അപേക്ഷയും സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചുനൽകിയ തിരിച്ചടവ് ഷെഡ്യൂൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പാക്കേജ് ശിപാർശ സഹിതം സംഘം സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് വായ്പയായി അനുവദിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | <u>**കേരള സഹകരണ സംഘം പുനരുദ്ധാരണനിധി പദ്ധതി**</u><br><br>വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, നല്ല നിർദ്ദേശങ്ങളുടേയും പദ്ധതികളുടേയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപപദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകൾ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു. മേൽ വിവരിച്ചത് കൂടാതെ പാലക്കാട് ജില്ല സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ പാലിയേറ്റീവ് കെയർ പദ്ധതി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീട്ടുകളിൽ എത്തിയ്ക്കുകയും, തുടർ ചികിത്സാ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും, ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യും.<br><br>സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരായ ജനങ്ങളുടെ അത്താണിയാണ് സഹകരണ ആശുപത്രികൾ. ടി പദ്ധതിയുടെ ഭാഗമായി ആശുപത്രിയിൽ നേരിട്ട് വന്ന് ചികിത്സ തേടുവാൻ പ്രയാസമുള്ള രോഗികളുടെ വീട്ടുകളിൽ ചെന്ന് വിദഗ്ധ സംഘം പരിചരിച്ചു വരുന്നു. ടി ആവശ്യത്തിലേക്കായി ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സേവനം, മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ കുറഞ്ഞ നിരക്കിൽ സംഘങ്ങൾ അനുവദിക്കുന്നു. ആശുപത്രി സംഘങ്ങളുടെ കീഴിലുള്ള നീതി ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ ആധുനിക സ്കാനിംഗ് സെന്ററുകൾ, ഇ.സി.ജി തുടങ്ങി വ്യത്യസ്തമായ സേവനങ്ങൾ നൽകുന്നത് വഴി ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയ ആശുപത്രികൾ മുഖേന ഫിസിയോ തെറാപ്പി ചികിത്സാ, ലബോറട്ടറി സാമ്പിൾ കളക്ഷൻ, മരുന്നുകൾ വീട്ടിൽ എത്തിക്കൽ, ഗൃഹ സന്ദർശനത്തിലൂടെ പരിചരണം, വിവിധ പരിശോധനകൾ എന്നിവ നടപ്പിലാക്കിവരുന്നു. നിർദ്ധനരായ രോഗികൾക്ക് ഏറ്റവും കുറഞ്ഞ ചിലവിൽ സർജറികൾ നൽകി വരുന്നുണ്ട്. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സൗജന്യ ക്യാമ്പുകൾ നടത്തുകയും തുടർ ചികിത്സയ്ക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന വിധം സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള സഹകരണ സംഘം നിയമം വകുപ്പ് 57സി യിലെ വ്യവസ്ഥയായ കൺസോർഷ്യം ലെൻഡിംഗ് സ്കീം - ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വായ്പകൾ നൽകേണ്ട ആവശ്യത്തിലേയ്ക്കായി കൺസോർഷ്യം ലെൻഡിംഗ് സ്കീം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പതിനഞ്ചാം കേരളനിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ ബഹുമാനപ്പെട്ട സഭ പാസാക്കിയ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബില്ലിൽ നിലവിലെ കൺസോർഷ്യം ലെൻഡിംഗ് സ്കീമിലെ വ്യവസ്ഥകൾക്ക് വ്യക്തത വരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത ബിൽ ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ